# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*442** | **26.06.2019 ൽ മറുപടിയ്ക്ക്**

### ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോർജ് എം. തോമസ്**<br>**ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. എം. മുകേഷ്**<br>**ശ്രീ. മുരളി പെരുനെല്ലി** | **ശ്രീ. വി.എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പാക്കി വരുന്നു. |

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 538.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

**1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ**

25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകുന്നത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്.

**2. ഇക്കോഷോപ്പുകൾ**

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. ഇതുവരെ 454 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം പുതിയ 15 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനും മുൻ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**3. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ**

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിൻെറ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടന്നു വരുന്നു.

**4. അവശിഷ്ട വിഷാംശ പരിശോധന**

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു.

കൂടാതെ ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നു.

**5. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്**

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.

**6. VFPCK യും SHGs ഉം വഴിയുള്ള ജൈവ പഴം, പച്ചക്കറികളിലെ സർട്ടിഫിക്കേഷൻ**

VFPCK യുടെ നേതൃത്വത്തിൽ SHGs-ഉം വഴിയുള്ള പഴം, പച്ചക്കറികളിലെ ജൈവ സർട്ടിഫിക്കേഷന് 91.86539 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**7. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)**

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. മൂന്നു വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം.

ബി) ജൈവ പച്ചക്കറികളും പഴങ്ങളും വിപണിയിൽ വ്യാപകമാക്കുന്നതിനായി സെയ്ഫ് ടു ഈറ്റ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

ബി) ഉണ്ട്. ഉത്തമ കൃഷിമുറകൾ പാലിച്ച് ഉൽപാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക് എന്ന പേരിൽ ഇക്കോഷോപ്പുകൾ, നേരിട്ടുള്ള വിപണികൾ വഴി വിൽപന നടത്തി വരുന്നു. കൂടാതെ പഴം, പച്ചക്കറികളിലെ അവശിഷ്ട വിഷാംശം പരിശോധിക്കുന്നതിന് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതിയിൽ സേഫ് റ്റു ഈറ്റ് എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

സി) കേരള ഓർഗാനിക് ബ്രാൻഡ് എന്ന പേരിൽ വിഷരഹിത പച്ചക്കറികളും പഴങ്ങളും വിപണനം നടത്തുന്നുണ്ടോ; വെളിപ്പെടുത്തുമോ;

സി) GAP മാനദണ്ഡങ്ങൾ പിൻതുടരുന്ന GAP ക്ലസ്റ്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പാക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി "കേരള ഓർഗാനിക്" ബ്രാന്റിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

ഡി) സംസ്ഥാനത്ത് ജൈവോല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനായി ക്ലസ്റ്റർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

ഡി) കൃഷി വകുപ്പിൻെറ നേതൃത്വത്തിൽ ജൈവോല്പന്നങ്ങളുടെ വിപണനത്തിനായി 454 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒരു വിപണിയ്ക്ക് 3.00 ലക്ഷം രൂപ വീതമാണ് ധനസഹായം നൽകുന്നത്.

ഇ) ജൈവ കാർഷിക ഇനങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി കൂടുതൽ ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ;

ഇ) ഉണ്ട്. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും നടപ്പാക്കുന്നതിനായി ഇതുവരെ 241 ഇക്കോഷോപ്പുകളും മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകളും ആയി ആകെ 454 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കർഷകർ ഉത്തമ കൃഷി മുറകൾ പാലിച്ച് ജൈവ രീതിയിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനും ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നു..

നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൻ കീഴിൽ 15 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

എഫ്) ജൈവ ഉല്പന്നമെന്ന പേരിൽ വിഷം കലർന്ന പഴങ്ങളും പച്ചക്കറികളും വില്ക്കുന്നത് തടയുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

എഫ്) ജൈവ ഉല്പന്നമെന്ന പേരിൽ വിഷം കലർന്ന പഴങ്ങളും പച്ചക്കറികളും വില്ക്കുന്നത് തടയുന്നതിനായി കൃഷി വകുപ്പ് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി മുഖേന സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിച്ചു വരുന്നു. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം - പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നു.

കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന PKVY ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

- സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജൈവ ക്ലസ്റ്ററുകളെയും ജൈവ കർഷകരെയും FSSAI യുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- പഴം, പച്ചക്കറികളുടെ ഉൽപാദനത്തിൽ, ഉല്പാദനം മുതൽ വിപണി വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ച് വരുന്നു.
- മാരകമായ കീടനാശിനികൾ ഒഴിവാക്കി ജൈവ കീടനാശിനികളുടെ ഉപയോഗം, പ്രയോഗ രീതികൾ, പാലിക്കേണ്ട മുൻ കരുതലുകൾ എന്നിവയുമായി കർഷകർക്കായുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.
- കീടനാശിനി അവശിഷ്ട പരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.
- അവശിഷ്ട കീടനാശിനി പരിശോധന നടത്തി വരുന്നു.

- കൂട്ടായ IEC പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കും കർഷകർക്കും അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

Maya P

**സെക്ഷൻ ഓഫീസർ**